ഈ ഗവൺമെൻറ് വന്നശേഷം പണി തീർത്തിട്ടുണ്ട്. രണ്ടാമത്തെ റീച്ചിൻറെ അടുത്ത് ഒരു ഹരിജൻ കോളനിയുണ്ട്. ആ ഹരിജൻ കോളനിയുടെ അടുത്തുവരെയെങ്കിലും, അടിയന്തിരമായി റോഡ് പണിതു തീർക്കണമെന്നും അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, പ്രസ്തുത എം. എൽ. എ. റോഡിൻറെ ഒന്നാം റീച്ചിൻറെ പണി തീർന്നു. രണ്ടാമത്തെ റീച്ചിന് പതിനേഴ് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(ix) പനമ്പിള്ളി മെമ്മോറിയൽ കോളേജിൻറെ വികസനം

ശ്രീ. കെ. ജെ. ജോർജ്: സർ, ചാലക്കുടി നിയോജകമണ്ഡലത്തിലുള്ള പനമ്പിള്ളി ഗോവിന്ദമേനോൻ മെമ്മോറിയൽ കോളേജ് തുടങ്ങിയിട്ട് എത്രാണ്ട് പത്തുപതിനെട്ടു വർഷമായി. അത് ഒരു ഡിഗ്രി കോളേജാണ്. ഒരു കോഴ്സ് മാത്രമാണ് ആ കോളേജിലുള്ളത്. സയൻസ് ഗ്രൂപ്പ് അടക്കം പുതിയ കോഴ്സുകൾ കൊടുത്ത് കോളേജ് നല്ലൊരു സ്ഥാപനമാക്കി മാറ്റാൻ ഗവൺമെൻറ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പനമ്പിള്ളി ഗോവിന്ദമേനോൻ കോളേജിലെ കോഴ്സിനെ സംബന്ധിച്ചും സേ്രകഡ് ഹാർട്ട് കോളേജ് അപ്ഗ്രഡ് ചെയ്യുന്നതിനെ സംബന്ധിച്ചുമാണ് സബ്മിഷൻ തന്നിട്ടുള്ളത് .ഈ രണ്ടു കാര്യവും സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർവകലാശാലയ്ക്ക് എഴുതിയിട്ടുണ്ട്. സർവകലാശാലയുടെ അഭിപ്രായം കിട്ടി കഴിഞ്ഞിട്ടില്ല. സർവകലാശാലയുടെ അഭിപ്രായം കിട്ടിക്കഴിഞ്ഞാൽ ഉടനടി ഗവൺമെൻറ് തീരുമാനം എടുക്കുന്നതാണ്.

(x) വെണ്ണിയൂർപ്പറമ്പ് യു. പി. സ്കൂൾ കെട്ടിടം പണി

ശ്രീ. സി. പി. കുഞ്ഞാലിക്കുട്ടികേയി: സർ, എൻറെ നിയോജകമണ്ഡലത്തിലെ വളരെ പ്രയാസമുള്ള ഈ കാര്യം പല പ്രാവശ്യം ഈ സഭയിൽ ഉന്നയിച്ചതാണ്. തിരൂരങ്ങാടി പഞ്ചായത്തിൽ വെണ്ണിയൂർപ്പറമ്പ് എന്ന സ്ഥലത്ത് ഒരു യു. പി. സ്കൂളുണ്ട്. ആ സ്കൂൾ രണ്ട് സ്ഥലത്തായിട്ടാണ് നടക്കുന്നത്. നാട്ടുകാർ ഗവൺമെൻറിലേക്ക് സ്ഥലം വാങ്ങി കൊടുത്തിട്ട് കൊല്ലങ്ങളായി. എന്നിട്ടും ഇന്നും അതിനെ സംബന്ധിച്ച് യാതൊരു നടപടിയും നടത്തിയിട്ടില്ല. മാത്രമല്ല ആ സ്കൂളിലെ കുട്ടികളും അദ്ധ്യാപകൻമാരും ഒരു ഹെലികോപ്റ്ററിൽ പോകേണ്ട സ്ഥിതിവിശേഷമാണുള്ളത്. അടിയന്തിരമായി ആ സ്കൂളിന് കെട്ടിടമുണ്ടാക്കിക്കൊടുക്കുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly